## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 550 10.06.2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് ഫണ്ട് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; പദ്ധതി പ്രകാരം പരമാവധി എത്ര തുകവരെ നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ; | (എ) | മൂന്ന് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള ബി.പി.എൽ/ എ.പി.എൽ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം ലഭിക്കും. പരമാവധി ചികിത്സാ ധനസഹായം അനുവദിക്കുന്നത് 2 ലക്ഷം രൂപയാണ്. ചികിത്സാ ധനസഹായ ത്തിനായുള്ള അപേക്ഷകൾ അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് സമർപ്പിക്കേണ്ടത്. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും.<br>എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ചികിത്സാ ധനസഹായം ലഭിക്കും.<br><br>ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ആകെ ധനസഹായ പരിധിയിൽ ഇളവു വരുത്തി ഓരോ രോഗിക്കും 2 ലക്ഷം രൂപ വീതം ചികിത്സാ ധനസഹായം അനുവദിക്കുന്നതാണ്. |

PTO

| | | | |
|---|---|---|---|
| (ബി) | പാലക്കാട് ജില്ലയിൽ ഏതൊക്കെ ആശുപത്രികളെയാണ് പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ബി) | ജില്ലയിൽ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പദ്ധതി പാക്കേജുകളും നിരക്കുകളും അംഗീകരിച്ച് ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലെസ് ചികിത്സ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ള 7 സർക്കാരിതര സ്വകാര്യ ആശുപത്രികളെയും ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# List of Accredited Hospitals in KBF- Palakkad Dist.

| Sl No | Dist. | Name of Hospital | No.of Procedures accepted. | | | |
|---|---|---|---|---|---|---|
| | | | Nephrology | Cardiology | Neurosurgery | Cancer |
| 1 | PKD | Paalana Institute of Medical Sciences, , Kannadi P.O , Palakkad, Kerala , Pin : 678701 | √ | | √ | √ |
| 2 | PKD | Mother Care Hospital, Vattambalam, Kumaramputhur PO., Mannarkkad, 678583 | | | | √ |
| 3 | PKD | Karuna Medical College Hospital, Vilayodi, Chittur, Palakkad-678103 | √ | | √ | √ |
| 4 | PKD | Lakshmi Hospital, Chittur Road, Palakkad 678013, | | √ | | |
| 5 | PKD | P K Das Institute od Medical Sciences, Ottappalam, Palakkad-679522 | √ | √ | √ | √ |
| 6 | PKD | Valluvanad Hospital Complex Ltd, Ottappalam, PKD | √ | √ | √ | √ |
| 7 | PKD | Thangam Hospital Of PMRC, West Yakkara, PKD-678004 | √ | √ | | √ |